**കേരള സർക്കാർ**
**ജലവിഭവ വകുപ്പ്**
**പുനർ ലേലപ്പരസ്യം**

എ5-1577/14.

തീയതി: 28.06.2018

കേരളാ ഗവർണ്ണർക്കുവേണ്ടി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ 3, എക്സിക്യൂട്ടീവ് എൻജിനീയർ പരസ്യപ്പെടുത്തുന്നത്.

താഴെപ്പറയുന്ന ഉപയോഗയോഗ്യമല്ലാത്ത ഡിപ്പാർട്ടുമെന്റ് മെഷിനറികൾ താഴെപ്പറയുന്നതീയതിയിലും സ്ഥലത്തും വെച്ച് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി ഡിവിഷൻ നമ്പർ .3 എക്സിക്യൂട്ടീവ് എൻജിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്തുകൊടുക്കുന്നതാണ്.

| ക്രമ നം. | ഡിവിഷൻ എസ്.ആർ.നം. | ഇന വിവരം | ലേല സ്ഥലം | ലേല തിയതിയും സമയവും | നിരത ദ്രവ്യം (രൂപ) |
|---|---|---|---|---|---|
| 1 | S.R.No.4/14-15 | ഡീസൽ റോഡ് റോളർ Reg.No.GRW:73533354 | എം.വി.ഐ.പി. കൂത്താട്ടുകുളം ഓഫീസ് കോംപ്ലക്സ് | 07-08-2018 11.30 മണിയ്ക്ക് | 7500.00 |
| 2 | S.R.No.5/14-15 | ഡീസൽ റോഡ് റോളർ Reg.No.18003204 | -do- | 07-08-2018 12 മണിയ്ക്ക് | 17500.00 |
| 3 | S.R.No.10/14-15 | ഡീസൽ റോഡ് റോളർ KL-17A-2056 | -do- | 07-08-2018 ഉച്ച കഴിഞ്ഞ് 12.30 മണിയ്ക്ക് | 24000.00 |
| 4 | S.R.Nos 11/14-15 | കൺസോളിഡേറ്റഡ് ന്യൂമാറ്റിക് കംപ്രസർ ALU-370/33 | -do- | 07-08-2018 ഉച്ച കഴിഞ്ഞ് 1 മണിയ്ക്ക | 15000.00 |
| 5 | SR No:17/2014-15 | ഡീസൽ റോഡ് റോളർ (J-8793) Reg.No.KL17A-2298. | -do- | 07-08-2018 ഉച്ച കഴിഞ്ഞ് 2 മണിയ്ക്ക | 24000.00 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി മുകളിൽ കാണിച്ചിരിക്കുന്ന നിരക്കിലുളള നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്.

ടി ആവശ്യത്തിലേയ്ക്കായി മുദ്രവെച്ച ക്വട്ടേഷനുകളും സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾക്ക് പ്രസ്തുത ഫോറം ഉണ്ടായിരിക്കുന്നതല്ല. മുദ്രവെച്ച ക്വട്ടേഷനുകൾ ലേലത്തിന്റെ തലേദിവസം 4 മണിവരെ രജിസ്റ്റേർഡ് തപാൽ/നേരിട്ട് **മൂവാറ്റുപുഴ എം.വി.ഐ.പി.ഡിവിഷൻ നം.3 ഓഫീസിൽ** സ്വീകരിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം മുകളിൽ പറഞ്ഞിരിയ്ക്കുന്ന നിരത ദ്രവ്യം ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽനിന്നും

മൂവാറ്റുപുഴ എം.വി.ഐ.പി.ഡിവിഷൻ നം.3, എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ വാങ്ങിയിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഉള്ളടക്കം ചെയ്യാത്തതും താമസിച്ചു ലഭിക്കുന്നതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ക്വട്ടേഷൻ സമർപ്പിച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലാനന്തരം ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക ലേലംകൊണ്ടോ ക്വട്ടേഷൻകൊണ്ടോ സമർപ്പിച്ചയാളുടെ പേർക്ക് ക്വട്ടേഷൻ/ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയും 5% സെക്യൂരിറ്റിയും നിലവിലുള്ള ജി.എസ്.ടി 18 ശതമാനവും ചേർത്തുള്ള തുക ലേലസ്ഥലത്തുവെച്ചുതന്നെ അടച്ച് രസീതു വാങ്ങേണ്ടതുമാണ്. സെക്യൂരിറ്റി തുക എക്സിക്യൂട്ടീവ് എൻജിനീയർ, എം.വി.ഐ.പി.ഡിവിഷൻ നമ്പർ 3, മൂവാറ്റുപുഴയുടെ പേരിൽ പ്ലഡ്ജ് ചെയ്ത് ഡിമാന്റ് ഡ്രാഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്. ലേലം ഉറപ്പിച്ച വിവരത്തിന് നോട്ടീസ് കിട്ടിയശേഷം മാത്രമേ സ്ഥലത്തുനിന്നും മെഷീനറികൾ നീക്കംചെയ്യുവാൻ പാടുള്ളൂ. കൂടുതൽ വിവരത്തിന് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. എന്തെങ്കിലും കാരണവശാൽ അന്നേദിവസം ലേലം നടത്തുവാൻ സാധിക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മറ്റൊരു നോട്ടീസ് കൂടാതെ ലേലം നടത്തുന്നതായിരിക്കും. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ക്വട്ടേഷൻ/ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനു ബാധകമായിരിക്കുന്നതാണ്.

OFFICE OF THE EXECUTIVE ENGINEER
DATE
MVIP DIVISION NO. III, MUVATTUPUZHA

എക്സിക്യൂട്ടീവ് എൻജിനീയർ

എം.വി.ഐ.പി.ഡിവിഷൻ നം.3, മൂവാറ്റുപുഴ.